**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4507** **19-03-2025 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്ര; തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | മങ്കട മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ 9 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. ഇതിൽ ഭൂരഹിത ഭവനരഹിതരായ മൂന്ന് പട്ടികവർഗ്ഗ കുടുംബങ്ങളും രണ്ടാംഘട്ടം നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിയുടെ കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി കുടുംബങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്തതും ഭൂമിയും വീടും അനുവദിക്കുവാൻ സർക്കാരിന്റെ പദ്ധതികളിൽ നാളിതുവരെ ഉൾപ്പെട്ടിട്ടില്ലാത്തതുമായ കുടംബങ്ങൾ എത്ര; തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത മണ്ഡലത്തിലെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടുമനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | മങ്കട മണ്ഡലത്തിൽ വീടില്ലാത്ത മൂന്ന് പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കിയ ശേഷം വീട് അനുവദിക്കുന്നതാണ്. കൃത്യമായ അർഹത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിലോ അല്ലെങ്കിൽ ലൈഫ് മിഷനിലോ ഉൾപ്പെടുത്തി ഭൂമിയും ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവനവും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പഞ്ചായത്തിന്റെ പേര് | കുടുംബങ്ങളുടെ എണ്ണം | ഭൂമിയും വീടുമില്ലാത്തതും, ഭൂമിയും വീടും ലഭിക്കുന്നതിന് സർക്കാരിന്റെ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | മങ്കട | 551 | 187 |
| 2 | പുഴക്കാട്ടിരി | 455 | 204 |
| 3 | മൂർക്കനാട് | 682 | 170 |
| 4 | കൂട്ടിലങ്ങാടി | 392 | 153 |
| 5 | കുറുവ | 485 | 176 |
| 6 | മക്കരപ്പറമ്പ് | 280 | 32 |
| 7 | അങ്ങാടിപ്പുറം | 920 | 265 |
| | ആകെ | 3765 | 1187 |